എറണാകുളം ആയുർവേദ ആശുപത്രിയിലെ ചീഫ് വൈദ്യൻ.

126. [18] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ആയുർവേദാശുപത്രിയിലെ ചീഫ് വൈദ്യൻ ആരാണ്;

(ബി) എത്ര വർഷമായി ഈയാൾ അവിടെ ജോലിയിൽ പ്രവേശിച്ചിട്ട്;

(സി) ഈ വൈദ്യൻ ആശുപത്രിക്കടുത്തുതന്നെ ഒരു വൈദ്യശാല നടത്തുന്നുണ്ടോ ?

ഉത്തരം.

(എ) ശ്രീ. പി. സി. മാധവൻവൈദ്യൻ, വൈദ്യ ലാനിധി.

(ബി) ആശുപത്രി തുടങ്ങിയ കാലംമുതൽ (19-6-119 മുതൽ)

(സി) ആശുപത്രിക്കടുത്ത് വൈദ്യശാല നടത്തുന്നതായി അറിവില്ല.

ആയുർവ്വേദ ഡിസ്പെൻസറി.

127. [20] ശ്രീ. എൻ. ജെ. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിനു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

പത്തനംതിട്ടതാലൂക്കിൽ ഓമല്ലൂർപകുതിയിൽ ഒരു ആയുർവ്വേദ ഡിസ്പെൻസറി ആരംഭിക്കുമോ ?

ഉത്തരം.

രണ്ടാം പഞ്ചവത്സരപദ്ധതി നടപ്പിലാക്കുന്നതോടുകൂടി ആരംഭിക്കുന്നതാണ്.

മുത്തകുന്നം ആശുപത്രി.

128. [22] ശ്രീ. ഇ. ഏ. ബാലൻ : താഴെ പറയുന്ന ചോദ്യത്തിനു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

മുത്തകുന്നം ആശുപത്രിയിൽ ഒരു നേഴ്സിനെ നിയമിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം.

മുത്തകുന്നം ആശുപത്രിയിൽ ഇപ്പോൾ ഒരു നേഴ്സിനെ നിയമിക്കേണ്ട ആവശ്യം ഇല്ല.

ഈരാറ്റുപേട്ട-ചേന്നാട്-ചോറ്റി റോഡ് ഗവണ്മെൻറ് ഏറ്റെടുക്കുമെന്നു് നിവേദനം.

129. [25] ശ്രീ. കെ. ടി. തോമസ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈരാറ്റുപേട്ട-ചേന്നാട്-ചോറ്റി റോഡ് ഗവണ്മെൻറ് ഏറ്റെടുക്കുമെന്ന് കാണിച്ചു് നിവേദനം കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) ഉണ്ട്.

(ബി) റോഡ് ഏറെറടുക്കുന്ന കാര്യം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു.

ചങ്ങനാശ്ശേരി സബ്രജിസ്റ്റർകച്ചേരി.

130. [32] ശ്രീ. എൻ. പരമേശ്വരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) ചങ്ങനാശ്ശേരിതാലൂക്കിൽ വെളിയനാട്, ചേന്നങ്കരി എന്നീ പകുതികളും ചങ്ങനാശ്ശേരി സബ്രജിസ്റ്റർകച്ചേരിയുടെ അധികാരപരിധിയിൽനിന്നും മാറിയതിനെപ്പററി പരാതി കിട്ടിയിട്ടുണ്ടോ;

(ബി) ജനങ്ങളുടെ സൗകര്യത്തെ പരിഗണിച്ച് ടി പകുതികളും വീണ്ടും ചങ്ങനാശ്ശേരി സബ്രജിസ്റ്റർകച്ചേരിയുടെ അധികാരപരിധിയിൽ ഉൾപ്പെടുത്താൻ നടപടി എടുക്കുമോ ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ജനങ്ങളുടെ സൗകര്യത്തെ ലാക്കാക്കി ഡിപ്പാർട്ടുമെൻറിൽ നിന്നും വേണ്ട അന്വേഷണം നടത്തിയശേഷമാണ് ടി പകുതികൾ മാററിയിട്ടുള്ളത്. ടി പകുതികൾ തിരിയെ മാറേണ്ടതു് ആവശ്യമാണെന്നു കാണുന്നതായാൽ അതിലേയ്ക്കു് വേണ്ട നടപടി എടുക്കാവുന്നതാണ്.

അത്രക്കുറി ഡിസ്പെൻസറി.

131. [35] ശ്രീ. പി. വി. അവിരാതരകൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) അത്രക്കുറിയിൽ ഇന്നുള്ള ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തണമെന്നു് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി;

(സി) ഇപ്പോൾ അവിടെ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം മതിയാകുന്നില്ലെന്നുള്ള വസ്തുത സർക്കാർ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ഉത്തരം.

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly